## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1106 — 30.10.2019 -ൽ മറുപടിക്ക്

## കരിയർ ഗൈഡൻസ് സെന്ററുകൾ

**ചോദ്യം** — ശ്രീമതി.പി.അയിഷാ പോറ്റി

**ഉത്തരം** — ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിലെ സർക്കാർ കാലയളവിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് കരിയർ ഗൈഡൻസ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിലാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. |
| (ബി) | കരിയർ ഗൈഡൻസ് സെന്ററുകൾ വഴി ലഭ്യമാവുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെകുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്പ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ടു ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിങ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കൊട്ടാരക്കര കേന്ദ്രമാക്കി കരിയർ ഗൈഡൻസ് സെന്ററാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) | കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിലേക്കായി കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷനിൽ 3000 Sq.ft. സ്ഥലം അനുവദിക്കുന്നതിന് ബന്ധപ്പെട്ട തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും കൊട്ടാരക്കര കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**